റിപ്പോർട്ട്

# പ്രളയക്കെടുതിയിൽ കൈതാങ്ങായി സോളിഡാരിറ്റി

**കോഴിക്കോട്:** തിമർത്തുപെയ്ത പേമാരി സൃഷ്ടിച്ച കെടുതികളിൽ നാടും നാട്ടുകാരും വിറങ്ങലിച്ചു നിന്നപ്പോൾ സഹജീവികൾക്ക് സഹായമെത്തിക്കാൻ സോളിഡാരിറ്റി പ്രവർത്തകർ കർമനിരതരായി. വയനാട്, കോഴിക്കോട് ജില്ലകളിലാണ് ഇത്തവണ കെടുതികൾ കൂടുതലുണ്ടായത്. മിക്ക സ്ഥലങ്ങളിലും ആദ്യ മണിക്കൂറുകളിൽ തന്നെ സോളിഡാരിറ്റി പ്രവർത്തകർ ദുരിതബാധിതരുടെ അടുത്തെത്തിയിരുന്നു.



വയനാട്ടിൽ സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് ശിഹാബുദ്ദീൻ ഇബ്നുഹംസ, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് വി.പി. ബഷീർ തുടങ്ങിയവർ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രവർത്തകർ ക്യാമ്പുകൾ സന്ദർശിച്ച് പഠിച്ച് ഏറ്റവും അടിയന്തരമായ സഹായങ്ങൾ നിർണയിക്കുകയാണ് ആദ്യം ചെയ്തത്. റവന്യൂ അധികാരികൾ സഹായവുമായി എത്തുന്നതിന് മുമ്പ് 20 ക്യാമ്പുകളിൽ പ്രവർത്തകർ സഹായവുമായി എത്തി. പനമരം നീരിട്ട്യാടി ക്യാമ്പ് താമസയോഗ്യമല്ലാത്തതിനാൽ സമീപമുള്ള മദ്റസയിലേക്ക് ക്യാമ്പ് മാറ്റി. അധികൃതർ എത്തിപ്പെടാതിരുന്ന ഉൾനാടൻ പ്രദേശങ്ങളിലേക്ക് ഉദ്യോഗസ്ഥരെ എത്തിച്ചു. മാസങ്ങളായി അടഞ്ഞിരുന്ന റേഷൻകട പ്രവർത്തകർ ഇടപെട്ട് പുനരാരംഭിച്ചു. കക്ഷിരാഷ്ട്രീയത്തിന്റെ പേരിൽ സഹായങ്ങൾ തടയപ്പെട്ട 46 കുടുംബങ്ങൾക്ക് സഹായങ്ങൾ എത്തിക്കുകയും തുടർപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. മേപ്പാടി ആനക്കാട്ടിൽ നിന്നും കടച്ചുക്കുന്ന് കോളനികളിൽ നിന്നുമായി ബോർഡ് സ്കൂളിലേക്ക് പുനരധിവസിപ്പിച്ച 60 കുടുംബങ്ങൾക്ക് വിറക് എത്തിച്ചുകൊടുത്തു. 2188 ആളുകൾക്ക് പുതിയ വസ്ത്രങ്ങൾ നൽകി. കൂടാതെ വീടുകളിൽ നിന്നും ശേഖരിച്ച പഴയ വസ്ത്രങ്ങളും വിതരണം ചെയ്തു. 267 പുതപ്പും 230 പായയും അർഹരുടെ കൈകളിലെത്തിച്ചു. 600 രൂപ വിലവരുന്ന 900 ഭക്ഷണകിറ്റുകൾ വീടുകളിൽ എത്തിച്ചു. 300 രൂപയുടെ 100 ഭക്ഷണ കിറ്റുകൾ ആദ്യദിവസം തന്നെ നൽകി. എട്ടു കുടുംബങ്ങൾക്ക് താമസിക്കാവുന്ന താൽക്കാലിക ഷെഡ് നിർമിച്ചുനൽകി. പൂർണമായി തകർന്നുപോയ 10 വീടുകൾ പുനർനിർമിച്ചു നൽകാൻ തീരുമാനിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. തകർന്ന വീടുകളിൽ നിന്ന് ഫർണിച്ചറുകളും മറ്റു ഗൃഹോപകരണങ്ങളും എടുത്തുമാറ്റാൻ പ്രവർത്തകർ രംഗത്തിറങ്ങി. ഐ.ആർ.ഡബ്ലിയുവുമായി ചേർന്ന് ജില്ലാ ആസ്ഥാനത്ത് ഹെൽപ്കൗണ്ടർ തുറന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ ജില്ലാകമ്മിറ്റി തീരുമാനിച്ചു.

കോഴിക്കോട് ജില്ലയിലെ കക്കോടി, മോരിക്കര, കിരാലൂർ, ചെറുവറ്റ തുടങ്ങിയ സ്ഥലങ്ങളിൽ കാലവർഷക്കെടുതി അനുഭവിക്കുന്ന ആളുകൾക്ക് സഹായമെത്തിച്ചു. ശക്തമായ മഴ ആരംഭിച്ചതുമുതൽ പ്രവർത്തകർ സജീവമായി രംഗത്തുണ്ടായിരുന്നു. അപകടമുണ്ടാവാൻ സാധ്യതയുള്ള ഇടങ്ങളിൽ മുന്നറിയിപ്പ് നല്കുകയും സഹായ ആവശ്യത്തിന് ഹെൽപ്പ്ലൈൻ നമ്പർ നൽകുകയും ചെയ്തു.

കക്കോടി, മോരിക്കര യുണിറ്റുകൾ രാത്രി തന്നെ ദുരിതബാധിതരെ കക്കോടി പഞ്ചായത്തിന്റെ കീഴിലുള്ള ദുരിതാശ്വാസ കേന്ദ്രത്തിൽ എത്തിച്ചു. ദുരിതാശ്വാസകേന്ദ്രത്തിലെ കുടുബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി 50 പായകൾ പഞ്ചായത്ത് പ്രസിഡന്റിനെ ഏൽപ്പിച്ചു. ദുരിതാശ്വാസ കേന്ദ്രത്തിൽ പ്രാതൽ വിതരണം ചെയ്തു. പത്തായങ്ങൽ പ്രദേശത്ത് പലകാരണങ്ങളാൽ കുടിയൊഴിയാൻ സാധിക്കാതിരുന്ന നാല് കുടുബങ്ങൾക്ക് അരിയും പച്ചക്കറികളും സാഹസികമായി പ്രവർത്തകർ എത്തിച്ചു കൊടുത്തു.

പകർച്ചപ്പനി ഉൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ മൂലം പ്രയാസമനുഭവിക്കുന്ന കുറ്റ്യാടിയിലും പരിസര മലയോര മേഖലകളിലുമുള്ള ദുരിതബാധിതർക്ക് സാന്ത്വനമേകി സോളിഡാരിറ്റി പ്രവർത്തകർ രംഗത്ത് വന്നു. കുറ്റ്യാടി, മരുതോങ്കര, കാവിലുംപാറ, കായക്കൊടി, വേളം, ചങ്ങരോത്ത് പഞ്ചായത്തുകളിലായി 1200 നിർധന കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ 13 ടൺ അരി വിതരണം ചെയ്തു. വിതരണോദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.പി. കുഞ്ഞമ്മത് കുട്ടി മാസ്റ്റർ കുറ്റ്യാടിയിൽ നിർവ്വഹിച്ചു.

കൊടുവള്ളി ഏരിയയിലെ മുപ്പതോളം പ്രവർത്തകർ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുന്ന 30 കുടുംബങ്ങൾക്ക് വസ്ത്രങ്ങളും ശയ്യോപകരണങ്ങളും വിതരണം ചെയ്തു. ഏകദേശം 5000രൂപയുടെ സാധനങ്ങൾ നൽകി.

മുഴിക്കൽ പ്രദേശത്ത് പ്രവർത്തകർ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. ഏകദേശം 500 പേർക്കു പ്രതിരോധ മരുന്നു വിതരണം നടത്തി. ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുന്ന കുടുംബാംഗങ്ങൾക്ക് സഹായങ്ങൾ നൽകി. സക്കാത്ത് കമ്മിറ്റിയുമായി സഹകരിച്ച് 60 കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റ് വിതരണം ചെയ്തു.

ഫറോക്കിൽ സോളിഡാരിറ്റി, മുസ്‌ലിംലീഗ് പ്രവർത്തകർ സംയുക്തമായാണ് ദുരിതാശ്വാസം നടത്തിയത്. കഷായപ്പടിയിൽ ദുരിതാശ്വാസ ക്യാമ്പ് തുടങ്ങാൻ വേണ്ടി ഒരു വീട് പ്രവർത്തകർ ഏർപ്പാടു ചെയ്തുകൊടുത്തു. 20 കുടുംബങ്ങളാണ് ഇവിടെ താമസിച്ചത്. ■